# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1406** 13/07/2016 -ൽ മറുപടിക്ക്

## ആരോഗ്യ നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി: | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമം ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | 20.05.2016 ന് 13-ാം കേരള നിയമസഭ പിരിച്ചു വിട്ടതിനാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 196 (5) പ്രകാരം 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി പ്രസിദ്ധീകരിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ ലാപ്സായിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ആരോഗ്യ നയം രൂപീകരിക്കുമ്പോൾ പാരാമെഡിക്കൽ നയം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ